പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1845 10.02.2020 -ലെ മറുപടിക്ക്

## സേഫ് കേരള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാജൻ | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി ആരംഭിച്ച സേഫ് കേരള പദ്ധതിയുടെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ; | (എ) | റോഡപകടങ്ങളും അത് മൂലമുണ്ടാകുന്ന മരണ നിരക്കും കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിന് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് 'സേഫ് കേരള'. ഈ പദ്ധതിയുടെ ഭാഗമായി, കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ ആകെ 85 സ്ക്വാഡുകളെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഈ 85 സ്ക്വാഡുകളിലായി 85 മോട്ടോർ വെഹിക്കിൾ ഇൻസെക്ടർമാരെയും 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ട്. ഇത്തരം സ്ക്വാഡുകൾ 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂറും പ്രവർത്തിക്കുന്നു.<br><br>കേരളത്തിൽ ഇത്തരം സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ ആധുനീകരിക്കപ്പെടുന്നതിന്റെ ഭാഗമായി 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഓരോ ഇന്റർസെപ്റ്റർ വാഹനങ്ങളിലും Laser Based Traffic Radar with Integrated Display and Recording, Vehicle Mounted Camera with ANPR System, Breathe Analyser with inbuilt printer and Camera, വാഹനങ്ങളുടെ ലൈറ്റുകൾ പരിശോധിക്കുവാനുള്ള Digital Lux Meter, Sound Level Meter, Transparency Meter, Laptop എന്നിവയും കൂടാതെ Heavy Duty |

| | | | |
|---|---|---|---|
| | | | Search Light ഉം ലഭ്യമാക്കിയിട്ടുണ്ട്.<br>ഈ സ്ക്വാഡുകളുടെ സുഗമമായ പ്രവർത്തനത്തിന് 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് വേണ്ടി പുതിയ ഓഫീസുകൾ തുടങ്ങുന്നതിനും സ്ക്വാഡുകൾക്ക് ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.<br>സേഫ് കേരള പദ്ധതിയിൽ ഉൾപ്പെട്ട സ്ക്വാഡുകൾ ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. 2019-ൽ ആകെ ഇത്തരം 2,76,584/- കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 33,80,72,125/-രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള നിരീക്ഷണ ക്യാമറകൾ നവീകരിക്കുന്നതിനും പരിപാലിക്കുന്നതിനമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | മോട്ടാർ വാഹന വകുപ്പിന്റെ കീഴിലുള്ള നിരീക്ഷണ ക്യാമറകൾ നവീകരിക്കുന്നതിനും പരിപാലിക്കുന്നതിനുമായി കെൽട്രോണുമായി വാർഷിക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**